കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

2016-17 വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

email-dopkd.ksad@kerala.gov.in

(രജിസ്റ്റേർഡ് ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-പികെഡി20/1653/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം

പാലക്കാട്, തീയതി – 14.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു..

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി20/1653/2017 തീയതി-14.09.2017

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12-10-2016 മുതൽ 26-7-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ്.സുനിൽദാസ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27-7-2017 മുതൽ 03-8-2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.ടി.എ.പ്രസാദ് | 1-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.കെ.ജയദാസ് | 1-4-16 മുതൽ 15-7-16 വരെ |
| ശ്രീ.കെ.സാന്ദ (അസി.സെക്രട്ടറി, സെക്രട്ടറി -ഇൻ ചാർജ്) | 16-7-16 മുതൽ 22-12-16 വരെ |
| ശ്രീ.കെ.കെ.ചന്ദ്രദാസ് | 23-12-16 മുതൽ 31.3.17 വര |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.കെ.ജി.സൂര്യൻ | 1-4-16 മുതൽ 5-6-16 വരെ |
| | ശ്രീമതി.കെ.ആർ. പ്രവിദ | 6-6-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ജാസ്മിൻ പി.എച്ച് | 1-4-2016 മുതൽ 31-1-17 വരെ |
| | ശ്രീമതി.സുനിത പി | 1-2-17 മുതൽ 31-3-17 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.സി.എസ്.ബിന്ദു | 1-4-2016 മുതൽ 31-3-17 വരെ |
| വി.ഇ.ഒ. | ശ്രീ.ഹ്ജിൽ പി.വി | *1-4-2016 മുതൽ 18-12-17 വരെ* |
| | ശ്രീമതി.രമ.കെ | *19-12-16 മുതൽ 31-3-17 വരെ* |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ഖലീൽ മാജിദ് | *1-4-2016 മുതൽ 31-3-2017 വരെ* |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനിൽ.പി. | *1-4-2016 മുതൽ 31-3-2017 വരെ* |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നിസാമോൾ | *1-4-2016 മുതൽ 31-3-2017 വരെ* |
| വെറ്ററിനറി സർജൻ | ഡോ.പി.കെ.പ്രതാപ് | *1-4-2016 മുതൽ 31-10-16 വരെ* |
| | ഡോ.നിഷ. എം.എൻ. | *1-11-2016 മുതൽ 14-12-16 വരെ* |
| | ഡോ.സിന്ധു സത്യൻ | *15-12-16 മുതൽ 31-3-2017 വരെ* |
| ഹെഡ്മ് മിസ്ട്രസ് | ശ്രീമതി.കെ.വി. സാവിത്രി | *1-4-2016 മുതൽ 7-6-2016 വരെ* |

| അസി.സെക്രട്ടറി | ശ്രീ.കെ.സാന | *1-4-2016 മുതൽ 31-3-2017 വരെ* |
|---|---|---|

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ബജറ്റ് 29.02.2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2016 | 14-07-2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 28-07--2017 | അനുബന്ധം 1 |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2016-17 | 17359099 | 50271282 | 67630381 | 42812404 | 24817977 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട് മെന്റ് | ആകെ | ചെലവ് | വിനി യോഗി ക്കാത്ത തുക | നീക്കി യിരിപ്പ് | ചെലവു ശത മാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11692066 | 11692066 | 10510599 | 1181467 | 0 | 89.89 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9063099 | 9063099 | 6945775 | 2117324 | 0 | 76.63 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 3676863 | 3676863 | 3430413 | 246450 | 0 | 93.29 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3168114 | 3168114 | 2640860 | 527254 | 0 | 83.35 |
| KLSGDP | 0 | 3600020 | 3600020 | 225443 | 3374577 | 0 | 6.26 |
| 13-ം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6557308 | 6557308 | 3770910 | 2786398 | 0 | 57.50 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 14719197 | 9563112 | 24282309 | 2472587 | 0 | 21809722 | 25.85 |
| MGNREGS | 532 | 13849081 | 13849613 | 13847804 | 0 | 1809 | 99.98 |
| ബി ഫണ്ട് | 0 | 801200 | 801200 | 801200 | 0 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 174 | 54274584 | 84 | 29056544 | 31 | 59 | 48.27 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | വർദ്ധനവ്/ കുറവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3188624 | 4390688 | 1202064 | (+)37.69 |
| നികുതിയേതര വരവുകൾ | 605218 | 469625 | (-)135593 | (-)22.40 |
| മറ്റുവരവുകൾ | 3627563 | 9750988 | 6123425 | (+)168.80 |
| ആകെ | 7421405 | 14611301 | 7189896 | (+)96.88 |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ | കാല താമസ ത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 6 | 6 | 5 | --- |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 0 | --- |
| 3 | വിധവാ പെൻഷൻ | 122 | 122 | 8 | --- |
| 4 | വികലാംഗ പെൻഷൻ | 28 | 28 | 12 | --- |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 17 | 17 | 2 | --- |
| 6 | വാർദ്ധക്യകാല പെൻഷൻ | 611 | 611 | 37 | --- |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-7-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8212/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സോഷ്യൽ മോണിറ്ററിംങ് കമ്മിററി രൂപീകരിച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## 1-11 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഒരു ദുരിതാശ്വാസനിധി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ രൂപീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25-7-2016 | 6/2016 | ലഭ്യമായിട്ടില്ല | --- |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 20-6-2009 | 2004-05 to 2008-09 | 31-7-2009 | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളിലെ കെട്ടിടനികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ കെട്ടിട നികുതി കണക്കുകൾ ഗ്രാമ പഞ്ചായത്തിന്റെ തൻവർഷത്തെ വാർഷിക കണക്കുകളിലെ ഇൻകം &എക്സ്പെൻഡീച്ചർ പട്ടിക, റസീപ്റ്റ് &പേമന്റ് പട്ടിക, അസ്സറ്റ് ആന്റ് ലയബിലിറ്റി പട്ടിക ട്രയൽ ബാലൻസ് എന്നിവയിലെ കണക്കുകളുമായി ഒത്തു പോകുന്നില്ല. അപാകതകൾ താഴെ ചേർക്കുന്നു.

1. ഇൻകം ആൻഡ് എക്സ്പെൻഡീച്ചർ പട്ടിക 1.1ടാക്സ് റവന്യൂ പട്ടികയിൽ റെസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കറന്റ്, അരിയർ കെട്ടിട നികുതി ഡിമാൻഡ് യഥാക്രമം 1661835, 1292531 ആകെ 2954366 രൂപയാണ്. എന്നാൽ റസീപ്റ്റ് ആൻഡ് പേമന്റ് പട്ടിക RP 43ൽ ഈയിനത്തിൽ 3649598/-രൂപ (കറന്റ് 2130969/-+അരിയർ 1518629) വരവുണ്ട്. ഈ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. ബാലൻസ് ഷീറ്റിലെ B 15 ലെ സൺട്രി ഡെബ്റ്റേഴ്സ് (റിസിവബിൾസ്) എന്നതിൽ

റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ കെട്ടിട നികുതി (കറന്റ് 585962 + അരിയർ 1413070- സെസ്സ് /ലെവി 95735)ആകെ 1903297.45 രൂപയാണ്. എന്നാൽ വാണിജ്യ കെട്ടിടങ്ങളുടെ നികുതി കാണിച്ചിട്ടില്ല.

3. ലെഡ്ജർട്രയൽ ബാലൻസിൽ ഗാർഹികകെട്ടിടങ്ങളുടെ നികുതി 1661835രൂപയും വ്യാവസായിക കെട്ടിടനികുതി 1292531 രൂപയും ആകെ 2954366 മാത്രമേ CB ആയി കാണിച്ചിട്ടുള്ളൂ.
4. അസ്സറ്റ് &ലയബിലിറ്റി പട്ടികയിലെ B-15 ഷെഡ്യൂളിൽ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ തൻവർഷ നികുതി1844329/- രൂപയും കുടിശ്ശിക നികുതി 494710/-രൂപയും നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ തൻവർഷ നികുതി 527190/-രൂപയുമാണ് (ആകെ 2868929/-രൂപ). എന്നാൽ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ തൻവർഷ നികുതി മാത്രമേ കാണിച്ചിട്ടുള്ളൂ. കുടിശ്ശിക നികുതി ഉൾപ്പെടുത്തിയിട്ടില്ല.

വ്യത്യാസങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (3/1-8-17) സെക്രട്ടറി നൽകിയ മറുപടി കെട്ടിടങ്ങളുടെ എണ്ണം ഇരട്ടിയായി സഞ്ചയയിൽ ഉൾപ്പെടുത്തിയതുകൊണ്ടാണെന്നും അപാകത പരിഹരിക്കുന്നതിനായി കെട്ടിടങ്ങളുടെ എണ്ണം കാലികമാക്കുന്നതിന് സർവ്വേ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ്.

അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്കിന്റെ ശാഖയിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിലെ രണ്ടു പാദങ്ങളിലും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വാർഷിക ടേൺ ഓവർ പട്ടിക ലഭ്യമാക്കി ആനുപാതികമായി സ്ഥാപന തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

കേരള സർക്കാറിന്റെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14-01-2011 ലെ 20/2011 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ മുതൽ പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കാനാവശ്യപ്പെട്ടിട്ടുണ്ട്. ആയതിൻ പ്രകാരം 2013-14 മുതലുള്ള വസ്തുനികുതി ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ മൊബൈൽ കമ്പനികൾ തുക ഒടുക്കിയിട്ടില്ല. അരിയർ ഡിമാൻഡ് നോട്ടീസ് പ്രകാരം ഒടുക്കുവാനുള്ള തുകകളുടെ വിവരം താഴെ പറയുന്നു.

| ക്രമ നമ്പർ | ഫ്രാഞ്ചൈസിയുടെ പേര് | കെട്ടിട നമ്പർ/ ബിൽഡിങ്ങ് ഐ.ഡി | വസ്തുനികുതി (2013-14മുതൽ 2016-17വരെ രണ്ടു അർദ്ധ വർഷങ്ങളിലെയും ) |
|---|---|---|---|
| 1 | ജനറൽ മാനേജർ (മറ്റു വിവരങ്ങൾ ലഭ്യമല്ല) | 65/B ചാഴിയാട്ടിരി/ 50809010009749 | 31500 (3937.50*8) |
| 2 | ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 5 (വാർഡ് നമ്പർ) 50809010008273 | 34020 (4252.5*8) |
| 3 | --ടി-- | 3 (വാർഡ് നമ്പർ)/ 50809010008273 | 32760 (4095*8) |
| 4 | --ടി- | 8 (വാർഡ് നമ്പർ) 50809010008273 | 35280 (4410*8) |
| 5 | --ടി-- | 16 (വാർഡ് നമ്പർ)/ 50809010008273 | 32760 (4095*8) |
| 6 | ---ടി-- | 1 (വാർഡ് നമ്പർ)/ 50809010008273 | 32760 (4095*8) |
| 7 | ---ടി-- | 11 (വാർഡ് നമ്പർ)/ 50809010008273 | 31500 (3937.5*8) |
| 8 | ---ടി-- | 16 (വാർഡ് നമ്പർ)/ 50809010008273 | 30240 (3780*8) |
| | ആകെ | | 260820 |

മോബൈൽ ടവറുകളുടെ കെട്ടിടനികുതി കുടിശ്ശിക പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 പാരാ- മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 269, 269 A,B,C,D, 270 ,271, 1997-ലെ കേരളാ പഞ്ചായത്ത് രാജ് ( സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ- മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ - 3, 4, 5, 6, 7, 8 എന്നിവ പ്രകാരം സ്വകാര്യ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ, മേൽ പറഞ്ഞ നിയമവും

ചട്ടങ്ങളും അനുശാസിക്കും വിധം രജിസ്റ്റർ ചെയ്തിട്ടില്ല. സ്ഥാപനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ശ്രീ ലക്ഷ്മി ലാബോറട്ടറി, കെട്ടിട നമ്പർ 16/314 |
| 2 | അമൃത ഡെന്റൽ ക്ലിനിക്ക്, 5/614 |
| 3 | ടി 13/526 |
| 4 | അമ്മൂസ് ലബോറട്ടറി 5/473 |
| 5 | തഹ്സീൻസ് ഡെന്റൽ കെയർ 15/528 |
| 6 | ജീവനം ആയുർവേദ ചികിത്സാലയം 16/374 |

ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപത്തിന്മേൽ 5000 രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500 രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 03.8.17 ന് നൽകിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല. ചട്ട പ്രകാരം രജിസ്റ്റർ ചെയ്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ മാത്രമേ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് ലഭിച്ച ശേഷം എഗ്രിമെന്റ് ചമക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6. അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നു മുതൽ 14 ദിവസത്തിനകം അതായത് ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 21 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക (മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

1. വടക്കേക്കര അംഗൻവാടി കല്ലുപാലം റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട്നം-107/16-17

അടങ്കൽ-2,00,000/-

PAC- 1,98,645/-

ടെന്റർ അംഗീകരിച്ച തിയ്യതി-3/6-12-16

കരാറുകാരൻ-ടി.പി.സൈതലവി

കരാർ വെയ്ക്കേണ്ട സമയപരിധി-26-12-2016

കരാർ ചമച്ചത്-5-1-2017

ബിൽ നം.11/3-3-17,തുക-197148

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 1,98,645 x1%=1986

2. <u>വടക്കേക്കര കുണ്ടുകുളം റോഡ് കോൺക്രീറ്റിംങ്</u>

പ്രോജക്റ്റ്നം-108/16-17

അടങ്കൽ-2,00,000/-

PAC- 1,98,648/-

ടെന്റർ അംഗീകരിച്ച തിയ്യതി-3/6-12-16

കരാറുകാരൻ-ടി.പി.സൈതലവി

കരാർ വെയ്ക്കേണ്ട സമയപരിധി-26-12-2016

കരാർ ചമച്ചത്-5-1-2017

ബിൽ നം.12/3-3-17,തുക-97353

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 1,98,648 x1%=1986

3. <u>അലമാരക്കമ്പനി റോഡ് ടാറിംങ് & കോൺക്രീറ്റിംങ്</u>

പ്രോജക്റ്റ്നം-102/16-17

അടങ്കൽ-1,50,000/-

PAC- 1,49,653/-

ടെന്റർ അംഗീകരിച്ച തിയ്യതി-3/6-12-16

കരാറുകാരൻ-ടി.പി.സൈതലവി

കരാർ വെയ്ക്കേണ്ട സമയപരിധി-26-12-2016

കരാർ ചമച്ചത്-5-1-2017

ബിൽ നം.52/30-3-17 , തുക-1,00,000

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 1,49,653 x1%=1496

4. <u>വെള്ളടിക്കുന്ന് സാംസ്കാരിക നിലയം കിഴക്കുപടി റോഡ് മെറ്റലിംങ് & ടാറിംങ്</u>

പ്രോജക്റ്റ്നം-115/16-17

അടങ്കൽ-3,00,000/-

PAC- 2,98,993/-

ടെന്റർ അംഗീകരിച്ച തിയ്യതി-3/6-12-16

കരാറുകാരൻ-ടി.പി.സൈതലവി

കരാർ വെയ്ക്കേണ്ട സമയപരിധി-26-12-2016

കരാർ ചമച്ചത്-5-1-2017

ബിൽ നം.50/30-3-17,തുക-3,00,000/-

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 2,98,993 x1%=2989

5. <u>കോട്ടപ്പുറം റോഡ് കോൺക്രീറ്റിംങ് വർക്ക്</u>

പ്രോജക്റ്റ്നം-101/16-17

അടങ്കൽ-1,50,000/-

PAC- 149680/-

ടെന്റർ അംഗീകരിച്ച തിയ്യതി-3/6-12-16

കരാറുകാരൻ-കുഞ്ഞു മുഹമ്മദ്

കരാർ വെയ്ക്കേണ്ട സമയപരിധി-26-12-2016

കരാർ ചമച്ചത്-3-1-2017

ബിൽ നം.15/3-3-17 തുക-148181/-

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 149680 x1%=1496

6. <u>കളത്തിൽപടി കോളനി റോഡ് കോൺക്രീറ്റിംങ്</u>

പ്രോജക്റ്റ്നം-110/16-17

അടങ്കൽ-2,00,000/-

PAC- 199346/-

ടെന്റർ അംഗീകരിച്ച തിയ്യതി-3/6-12-16

കരാറുകാരൻ-ടി.പി.സൈതലവി

കരാർ വെയ്ക്കേണ്ട സമയപരിധി-26-12-2016

കരാർ ചമച്ചത്-3-1-2017

ബിൽ നം.16/3-3-17

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 199346 x1%=1993

ആകെ ഈടാക്കേണ്ട തുക-11946/- (1986+1986+1496+2989+1496+1993)

മേൽ പറഞ്ഞ പ്രകാരം ഈടാക്കാനുള്ള ആകെ തുക 11946/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 തൊഴിൽ രഹിതരായ എസ്.സി. യുവാക്കൾക്ക് ഇരുചക്രവാഹനം വാങ്ങാൻ ധനസഹായം-പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല- 20000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നടപ്പാക്കിയ, പട്ടികജാതി ഗുണഭോക്താവിന് ഇരുചക്ര വാഹന വിതരണം എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
പ്രൊ.ജ. നമ്പർ -So 151/17

പ്രൊജക്ടിന്റെ പേര് -എസ്.സി. യുവതീ- യുവാക്കൾക്ക് സ്വയം തൊഴിലാവശ്യത്തിന് സ്കൂട്ടർ സബ്സിഡി

അടങ്കൽ തുക -400000 രൂപ

ചെലവ് – 20000 രൂപ ( ബിൽ നം. 149/17തീ.31.3.17)

മേൽ പറഞ്ഞ പ്രൊജക്ട് പ്രകാരം ശ്രീ വിജിത്ത്.സി., S/o കുഞ്ഞുകുട്ടൻ, ചെള്ളിമാരിൽ വീട്, നെല്ലിക്കാട്ടിരി പി.ഒ. എന്നയാൾക്ക് , ആക്ടിവ സ്കൂട്ടർ വാങ്ങുന്നതിനു വേണ്ടി, വായ്പയനുവദിച്ച കുറ്റനാട് ഘനി മോട്ടോഴ്സ് എന്ന ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (സബ്സിഡിയിനത്തിൽ 20000 രൂപ നൽകിയിട്ടുണ്ട്. ( അക്കൗണ്ട് നം 010251005165- ICICI Bank , കുറ്റനാട്)

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച മാർഗ്ഗ രേഖ ജി.ഒ. (എം.എസ്) 4/16 ത.സ്വ.ഭ.വ. തീ.11.1.16 ഖണ്ഡിക 3.7 – ക്രമനം. 5 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഇരുചക്ര വാഹനത്തിന് സബ്സിഡി നൽകുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിക്കണം.

(A)ഗുണഭോക്താക്കൾ തൊഴിൽ രഹിതരോ, ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപ്പന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ

ആയിരിക്കണം. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവ് ഇരു ചക്രവാഹനത്തിൽ സഞ്ചരിച്ച് ഇത്തരത്തിലെന്തെങ്കിലും തൊഴിൽ ചെയ്യുന്ന വ്യകതിയാണെന്നുറപ്പ് വരുത്തുന്ന യാതൊരു രേഖയും സമർപ്പിച്ചിട്ടില്ല.

(B) തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ വരുമാന പരിധി 50000 രൂപയ്ക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരായിരിക്കണം. എന്നാൽ ഗുണഭോക്താവിന്റെ വരുമാനം സംബന്ധിച്ച യാതൊരു രേഖയും സമർപ്പിക്കപ്പെട്ടിട്ടില്ല.

(C) സബ്സിഡി നൽകപ്പെടുന്ന ഗുണഭോക്താവിന് നിലവിൽ ഇരുചക്ര- നാലു ചക്ര വാഹനം സ്വന്തമായി ഉണ്ടായിരിക്കരുത്. എന്നാൽ ഇക്കാര്യം ഉറപ്പ് വരുത്താതെയാണ് സബ്സിഡി ആനുകൂല്യം നൽകിയിട്ടുള്ളത്.

(D) 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്യുകയാണെങ്കിൽ അനുവദിക്കപ്പെട്ട സബ്സിഡി തുക തിരിച്ചടക്കാമെന്ന് ഗുണഭോക്താവ് നിർവ്വഹണോദ്യോഗസ്ഥനുമായി കരാർ ചമക്കണം. എന്നാൽ ഇത്തരത്തിലൊരു എഗ്രിമെന്റ് ചമച്ചിട്ടില്ല.

ഇത് സംബന്ധിച്ച് 3.8.17 ന് നൽകിയ 7- നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

ആയതിനാൽ ധനസഹായം കൈപ്പറ്റുന്നതിന് പദ്ധതി മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ച രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി ഈയിനത്തിലെ 20000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-3** <u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷകർക്ക് ഉഴവുകൂലി വിതരണം- രേഖകൾ ഹാജരാക്കിയില്ല- **99000** രൂപയുടെ ചെലവ്- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു</u>

പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. 80/16-17- സമൃദ്ധി - ഉഴവുകൂലി വിതരണം ( എസ്.സി.പി.)

അടങ്കൽ തുക- 1 ലക്ഷം (ഗ്രാമ പഞ്ചായത്ത് വിഹിതം - വികസന ഫണ്ട്- 50000

ജില്ലാ പഞ്ചായത്ത് വികസന ഫണ്ട് 50000)

<u>ചെലവു തുക</u>

ഗ്രാമ പഞ്ചായത്ത് 49500 ( ബിൽ നമ്പർ,03/16-17 തീയ്യതി . 15.3.17)

ജില്ലാ പഞ്ചായത്ത് 49500 (ചെക്ക് നമ്പർ1794010 തിയതി 31-3-2017 )

ആകെ 99000രൂപ

മേൽ പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്ത് എസ്.സി.പി. വികസന ഫണ്ട് വിഹിതമായ 50000 രൂപയിൽ നിന്ന് 49500 രൂപയും, ജില്ലാ പഞ്ചായത്ത് അനുവദിച്ച 50000 രൂപയിൽ

നിന്ന് 49500 രൂപയും കൂടി ആകെ 99000 രൂപ 32 കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക്, ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ, പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്ന് ആനുകൂല്യം വിതരണം ചെയ്യുമ്പോൾ ഗുണഭോക്താക്കൾ പട്ടികജാതിക്കാരാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സാക്ഷ്യപത്രം (റവന്യൂ അധികാരികളിൽ നിന്ന് ലഭിച്ചത്) ഹാജരാക്കേണ്ടതാണ്. എന്നാൽ ഗുണഭോക്താക്കൾ, പട്ടികജാതിക്കാരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ധനസഹായം വിതരണം ചെയ്തിരിക്കുന്നത്.

പ്രസ്തുത രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് 28-07-2017 ന് ഓഡിറ്റ് റിക്വിസിഷൻ ( Enquiry Number : 2) നൽകിയെങ്കിലും, ബന്ധപ്പെട്ട അധികാരികൾ മറുപടി സമർപ്പിക്കുകയോ വിശദീകരണം ബോധിപ്പിക്കുകയോ ചെയ്തില്ല.

ആയതിനാൽ തുക കൈപ്പറ്റിയ വ്യക്തികളുടെ ജാതി തെളിയിക്കുന്ന ആധികാരിക സാക്ഷ്യ പത്രം ഹാജരാക്കുന്നതിനു വിധേയമായി ഈയിനത്തിലെ 99000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 ആയുർവേദ - ഹോമിയോ ഡിസ്പെൻസറികൾക്ക് ലഭിക്കാനുള്ള മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ ഹോമിയോ ഡിസ്പെൻസറിക്ക് ഹോംകോയിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല. ആയുർവേദ ഡിസ്പെൻസറിക്കാകട്ടെ, ഔഷധിയിൽ നിന്നും ഭാഗികമായി മാത്രമേ മരുന്ന് ലഭിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രൊജക്ട് നമ്പർ 60/17

പ്രൊജക്ടിന്റെ പേര്- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി

അടങ്കൽ തുക- 300000 രൂപ

ചെലവ് തുക 300000 രൂപ ( ബിൽ നം.01/16-17 തീ. 17.1.17)

2. പ്രൊജക്ട് നമ്പർ -78/17

പ്രൊജക്ടിന്റെ പേര് -ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി

അടങ്കൽ തുക -300000 രൂപ

ചെലവ് തുക -300000 രൂപ (ബിൽ നം.01/16-17 തീ. 15.12.16)

മേൽ പറഞ്ഞ വിശദാംശങ്ങൾ - ക്രമ നം (1) പ്രകാരം 300000 രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. (സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് RTGS പ്രകാരം തുക കൈമാറി)

എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല.

ക്രമ നം (2) പ്രകാരം ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വിതരണം ചെയ്യുന്നതിനു വേണ്ടി 300000 രൂപ നൽകിയെങ്കിലും നാളിതുവരെ 282778 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 17222 രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്.

ആയതിനാൽ ഹോംകോയിൽ നിന്ന് കിട്ടാനുള്ള 300000രൂപയ്ക്കുള്ള മുഴുവൻ മരുന്നുകളും, ഔഷധിയിൽ നിന്ന് ബാക്കി തുകയ്ക്കുള്ള മരുന്നുകളും ലഭ്യമാക്കാൻ പഞ്ചായത്ത് ഭരണസമിതി താമസംവിനാ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

## 3-5 അംഗൻ വാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.3.2011 ലെ 31055/ഡി.സി.2/2011.ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക (സി) പ്രകാരം എല്ലാ വർഷവും മെയ് 10 -നകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൽപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ്സ് നൽകേണ്ടതുമാണ്.യാതൊരു കാരണ വശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികളിൽ പ്രവർത്തിപ്പിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത പക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ തദ്ദേശ ഭരണ സ്ഥാപനം/കെട്ടിടമുടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അംഗൻവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്.

അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30– നകം ഫിറ്റ്നസ്സ് ഉറപ്പാക്കുകയും വേണം.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച രേഖകളും ഫിറ്റ്നസ്സ് സാക്ഷ്യപത്രങ്ങളും ഹാജരാക്കുവാനാവശ്യപ്പെട്ട് 16.7.17 ന് നൽകിയ ഓഡിറ്റ് റിക്വിസിഷന് നിർവ്വഹണോദ്യോഗസ്ഥ രേഖകൾ ഹാജരാക്കുകയോ മറുപടി സമർപ്പിക്കുകയോ ചെയ്തില്ല.

ആയതിനാൽ അംഗൻവാടി കെട്ടിടങ്ങൾ പൂർണ്ണമായും സുരക്ഷിതമാണെന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ പഞ്ചായത്തും നിർവ്വഹണോദ്യോഗസ്ഥയും സ്വീകരിക്കേണ്ടതാണ്. സാങ്കേതിക വിഭാഗത്തിൽ നിന്ന് ഫിറ്റ്നസ്സ് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, പ്രത്യേകം ശ്രദ്ധനൽകേണ്ടതും, ആയവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-6 മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡ് നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നു

സർക്കുലർ നം. 68/228/എഫ്.എം.1/12 തിയതി 28-11-2012 പ്രകാരം കൈമാറിക്കിട്ടിയ എല്ലാ റോഡുകളുടേയും അറ്റകുറ്റപണികൾ നടത്തിയ ശേഷവും മെയ്ന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രമേ മെറ്റലിംഗ്, കോൺക്രീറ്റിംഗ്, ടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റോഡുകൾക്കൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്തശേഷം ആയിരിക്കണം ഇപ്രകാരം മെയ്ന്റനൻസ് ഗ്രാന്റ് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നത്. എന്നാൽ 2016-17 വർഷം ഈ നിർദ്ദേശം പാലിക്കാതെ കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് മെയ്ന്റനൻസ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട് .

ഉദാ :1. കുന്നക്കാട് കോളനി റോഡ് കോൺക്രീറ്റിംങ് (104/16-17).

2. മദ്രസ്സ-താഴെഭാഗം റോഡ് കോൺക്രീറ്റിംങ് (105/16-17)

മെയിന്റനൻസ് ഗ്രാന്റ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 8/03/08/2017)

## 3-7 അംഗൻ വാടി - കേന്ദ്ര വിഹിതം വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 801487 രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. പഞ്ചായത്ത് സമർപ്പിച്ച രേഖകളുടെ പരിശോധനയിൽ, ഈയിനത്തിൽ 2013-14 മുതൽ തുക അവശേഷിക്കുന്നതായി കാണുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബാലൻസ് തുക |
|---|---|
| 2013-14 | 222075 |
| 2014-15 | 945580 |
| 2015-16 | 1118928 |
| 2016-17 | 801487 |

സർക്കുലർ നമ്പർ 39033/ഡി.സി.2/ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈയിനങ്ങളിലെ പോരായ്മകൾ

പരിഹരിക്കാൻ ടി തുക നാളിതുവരെ വിനിയോഗിക്കുന്നതിന് പ്രൊജക്ടുകൾ തയ്യാറാക്കപ്പെട്ടിട്ടില്ല.

ആയതിനാൽ മേൽ പറഞ്ഞ തുക സർക്കുലറിൽ നിർദ്ദേശിച്ച ആവശ്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കുവാനുള്ള ഊർജിത ശ്രമം പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതുണ്ട്.

## 3-8 പ്രേരകുമാരുടെ ഓണറേറിയം സാക്ഷരതാ മിഷനിൽ നിന്നും തിരികെ വാങ്ങേണ്ടതാണ്

തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ സാക്ഷരതാ പ്രേരകുമാർക്ക് നൽകിയ 113944 രൂപയിൽ 62400 രൂപ സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 51544 രൂപ സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കുടുംബശ്രീയുടെ ആശ്രയ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടയ്ക്കേണ്ടതാണ്

മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഫണ്ടിൽ നിന്നും ഭവന നിർമ്മാണം, സ്ഥലം വാങ്ങൽ, ഇ.എം.എസ് ഭവന പദ്ധതി എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച തുകകൾ ചെലവഴിക്കാതെ കുടുംബശ്രീയുടെ ആശ്രയ അക്കൗണ്ടിൽ (അക്കൗണ്ട്നം.020110008059/തിരുമിറ്റക്കോട് സർവ്വീസ് സഹ. ബാങ്ക്, ചാത്തനൂർ) ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | വരവ് | ചെലവ് | ആകെ |
|---|---|---|---|
| 2006-07 | 387500 | nil | 387500 |
| 2007-08 | 687500 | 60000 | 1015000 |
| 2008-09 | nil | 288500 | 726500 |
| 2009-10 | 200000 | 101500 | 825000 |
| 2010-11 | 450000 | 295000 | 980000 |
| 2011-12 | nil | 20000 | 960000 |
| 2012-13 | nil | 74426 | 885574 |
| 2013-14 | nil | 67169 | 818405 |
| 2014-15 | nil | 50077 | 768328 |
| 2015-16 | 25131(bank interest) | 14436 | 779023 |
| 2016-17 | 38931(bank interest) | nil | 817954 |

ചെലവഴിക്കാതെ കിടക്കുന്ന തുക സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (10/03-08-2017) മറുപടിയായി ചെലവഴിക്കാത്ത തുക തിരികെ ട്രഷറിയിൽ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകകൾ അതാത് ഫണ്ടിലേക്ക് ഒടുക്കി ചലാന്റെ പകർപ്പ് ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 3-10 THRS ഭക്ഷ്യമിശ്രിതം-ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിശ്ചിത സമയ പരിധിയിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ഈ വിഷയത്തിൽ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2016-17 | 340000 (ജില്ലാ പഞ്ചായത്ത് വിഹിതം) | സമൃദ്ധി (79/17) | 340000 | 0 |
| | 50000 (ജില്ലാ പഞ്ചായത്ത് വിഹിതം) | സമൃദ്ധി (80/17) | 49500 | 500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | പ്രവൃത്തിയുടെ പേര് | ചെക്ക് നം/ ഡി.ഡി.നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (188/ 17) | Account transfer | 7999807 | 799980 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| --Do-- | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ രണ്ടാം ഘട്ടം (195/17) | Account transfer | 482675 | 482675 | --do-- |
| KWA | പൈപ്പ് ലൈൻ നീട്ടൽ (185/17) | Account transfer | 700000 | 700000 | --do-- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14<br>2014-15 | 3(17) | 2015-16 | 5.2.1.ബി | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സൂക്ഷിപ്പിലുണ്ടായ വീഴ്ച | നടപടികൾ തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 67630381 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42812404 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11946/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 119000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 11946/- | ശ്രീമതി.കെ.ആർ പ്രവിദ, അസി. എഞ്ചിനീയർ |
| ആകെ | 11946/- | | |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 20000 | ശ്രീ.കെ.സാനു, അസി.സെക്രട്ടറി |
| 3-3 | 99000 | ശ്രീമതി.പി.സുനിത,കൃഷി ഓഫീസർ |
| ആകെ | 119000 | |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.കെ.ആർ.പ്രവിദ | അസി.എഞ്ചിനീയർ, തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്ത് | കൊട്ടേക്കാട് ഹൗസ്, കുട്ടൂർ (പി.ഒ), തൃശ്ശൂർ ജില്ല, പിൻ-680013 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.പി 20/541 തീ.12.04.12 | ഫർദർ റിപ്പോർട്ട് |
| 1997-98 | നം.എൽ.എഫ്.പി 20/42/2000 തീ.11.3.04 | -do- |
| 1998-99 | നം.എൽ.എഫ്.പി 11/818/04 തീ.28.12.07 | -do- |
| 1999-00 | നം.എൽ.എഫ്.പി 20/785/10 തീ.15.06.11 | -do- |
| 2000-01 | നം.എൽ.എഫ്.പി 20/786 തീ.16-06-11 | -do- |
| 2001-02 | നം.എൽ.എഫ്.പി 20/788 തീ.25-06.11 | -do- |
| 2002-03 | നം.എൽ.എഫ്.പി 20/667 തീ.26.11.11 | -do- |
| 2003-04 | നം.എൽ.എഫ്.പി 20/667(a)/11 തീ.26.11.11 | -do- |
| 2004-05 | നം.എൽ.എഫ്.പി 20/668/11 തീ.26.11.11 | -do- |
| 2005-06 | നം.എൽ.എഫ്.പി 20/670 തീ.26.11.11 | -do- |
| 2006-07 | നം.എൽ.എഫ്.പി 20/874/12 തീ.21.05.12 | -do- |
| 2007-08 | നം.എൽ.എഫ്.പി 20/848(2) തീ.12.7.12 | -do- |
| 2008-09 | നം.എൽ.എഫ്.പി 20/849 തീ.21.5.12 | -do- |
| 2009-10 | നം.എൽ.എഫ്.പി 20/850 തീ.21.5.12 | -do- |
| 2010-11 | നം.എൽ.എഫ്.പി 20/2178 തീ.30.8.14 | -do- |
| 2011-12 | നം.എൽ.എഫ്.പി P20/1801 തീ.12.12.14 | -do- |
| 2012-13 | നം.എൽ.എഫ്.പി 20/511/15 തീ.10.08.2015 | -do- |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി 20/363/ 2016 തീ. 28.06.2016 | -do- |
| 2015-16 | നം.കെ.എസ്.എ.-പി.കെ.ഡി 20/2039/ 2016 dt.21-12-2016 | -do- |

ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## അനുബന്ധം

നം.കെ.എസ്.എ-പികെഡി20/1653/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി -14.09.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1. കെട്ടിടനികുതി വിശദാംശങ്ങൾവാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD20/1653/017

Kerala State Audit Department
District Audit Office
Palakkad
Date – 14.09.2017

*Audit Certificate*

Certified that I have examined the Annual Financial Statement of THIRUMITTAKKOD GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of THIRUMITTAKKOD GRAMA PANCHAYATH prepared in accordance with Section Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015 -2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

Abstract of defects

1. The details of accounts of building tax as per demand register is not reconciled with the annual financial statement submitted for audit.
2. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director